ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേസുകളൊന്നും ഇതുവരെ റിപ്പോർട്ടുചെയ്തിട്ടില്ല.

(സി) ആകെ തസ്തികകളുടെ എണ്ണം 1,039-ഉം സ്ഥിരം ജീവനക്കാരുടെ എണ്ണം 860-ഉം ആണ്.

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഡ്രൈവർമാരുടെ നിയമനം

115 [1692] ശ്രീമതി മാധാരാഘവൻ:
ശ്രീ. വർക്കല കഹാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഡ്രൈവർ (ഹെവി വെഹിക്കിൾസ്) തസ്തികയിലേക്ക് നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്, ഇതുവരെ എത്രപേരെ നിയമിച്ചു;

(ബി) പ്രസ്തുത സർവ്വീസിൽ ഇപ്പോൾ ഹെവിഡ്യൂട്ടി വെഹിക്കിൾസ് ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുണ്ട്;

(സി) ഈ തസ്തികയിൽ ഇപ്പോൾ എത്ര പേരെ ഡെയ്‌ലി വേജസ് അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാറടിസ്ഥാനത്തിലും മറ്റുവിധത്തിലും സ്ഥിരം ഒഴിവിൽ നിയമിച്ചിട്ടുണ്ട്;

(ഡി) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഇപ്രകാരമുള്ള നിയമനം നിയമാനുസൃതമാണോ;

(ഇ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ഡ്രൈവർ (ഹെവി ഡ്യൂട്ടി വെഹിക്കിൾസ്) തസ്തികയിൽ നിലവിലുള്ള സ്ഥിരം ഒഴിവുകളിൽ പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഹെവി ഡ്യൂട്ടി ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ് 2002-ൽ ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതുവരെ 13 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ രണ്ട് എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ട്.

(സി) സ്ഥിരം ഒഴിവിൽ ആരെയും ഡെയ്‌ലി വേജസ് അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഹെവിഡ്യൂട്ടി ഡ്രൈവർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly